ഈ പാലങ്ങൾക്കും മറ്റുമായി ഗവണ്മെൻറിൽനിന്നും ഏതാനും തുക ചിലവുചെയ്തിട്ടുണ്ട്. എന്നാൽ ഈ പാലങ്ങൾ പണിതു പൂർത്തിയാക്കുന്നതിനു ഗവണ്മെൻറുദ്ദേശിച്ചിട്ടുള്ളതായി ബഡ്ജറുകൊണ്ടു കാണുന്നില്ല. അതുപോലെതന്നെ പെരിങ്ങരകടവിൽ ഒരു ചെറിയ പാലത്തിനായി ൨,൦൦൦ രൂപാ ഫ൦ ൈ-ലും ഫ൦ വ-ലും ഫ൦ ൻ-ലും ബഡ്ജറിൽ കൊള്ളിച്ചിരുന്നു. അതിന് ശേഷം യാതൊരുതുകയും ബഡ്ജറിൽ ചേർത്തിട്ടുള്ളതായി കാണുന്നില്ല, ആ പാലം പണിതീർത്തിട്ടുമില്ല. പൂവനക്കടവിലെ ഒരു പാലം ദിവാൻബഹദൂർ എം. കൃഷ്ണൻനായർ ദിവാൻജിയായിരുന്ന കാലത്തുതന്നെ പണികഴിപ്പിക്കാമെന്നു അദ്ദേഹം ഒരു വലിയ മീറ്റിങ്ങിൽവച്ചു സമ്മതിച്ചിരുന്നു. അതിന് ശേഷം ഫ൦ ന്ന-ലും ഫ൦ ൈ-ലും അയ്യായിരമോ ആറായിരമോ രൂപാ ബഡ്ജറിൽ കൊള്ളിക്കയും ഫ,൪൦൦ രൂപയോളം അവിടെ ചിലവു ചെയ്കയും ചെയ്തു. ആ പാലത്തിനായും ഇക്കൊല്ലത്തെ ബഡ്ജറിൽ യാതൊന്നും കാണുന്നില്ല.

സർ, ഇന്നു തിരുവിതാംകൂറിലെ പ്രധാനപ്പെട്ട ചന്തകളിലൊന്നാണു കോഴഞ്ചേരി ചന്ത. ആ ചന്തയിലേക്കു മധ്യതിരുവിതാംകൂറിൽനിന്നും ആളുകൾ വരുന്നതിനു കണക്കില്ല. അതിനാൽ കോഴഞ്ചേരിയിലും, കുമ്പഴയിലും രണ്ടു പാലങ്ങൾ തീർത്തു ഈ റോഡിനെ ഒരു പ്രധാനപ്പെട്ട റോഡാക്കിത്തീർക്കണമെന്നു പലവിധേന ഗവർമ്മെൻറിനെ ധരിപ്പിച്ചിട്ടുണ്ട്. അതിനുശേഷം ഈ പാലത്തിനായി ഏകദേശം ആയിരത്തോടടുപ്പിച്ചു ഒരു സംഖ്യ ചിലവുചെയ്തതായും പറയുന്നുണ്ട്. അടുത്തവർഷത്തെ ബഡ്ജറിൽ ഇതിലേക്കു യാതൊരു തുകയും കൊള്ളിച്ചിട്ടില്ല. എന്നാൽ പൊതുമരാമത്തു വകുപ്പിലേക്കുള്ള പണത്തിൽ ഒരു വമ്പിച്ച തുക തലസ്ഥാനനഗരിയിലെ ജനങ്ങളുടെ സൌകര്യത്തിനായി മാത്രം ചിലവുചെയ്യുന്നതു വലിയ അനീതിയാണെന്നു പറയാതെ നിവൃത്തിയില്ല.

തിരുവിതാംകൂറിലെ റോഡുകൾ മുഴുവനും നിരത്തണമെന്നു പല അവസരങ്ങളിലും നിയമസമിതികൾ പ്രമേയങ്ങൾ പാസ്സാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. P. Madhavan Pillai.]

എന്നാൽ ഇതനുസരിച്ച റോളുകൾ നിറുത്തുന്നില്ലെന്ന മാത്രമല്ല കുഗ്രാമങ്ങളിൽ അഞ്ചും എട്ടും മൈൽ ദൂരമുള്ള റോഡുകളിൽ കൂടുതൽ റോളുകൾ ഏർപ്പെടുത്തുകയും ചെയ്യുന്നു. തന്നിമിത്തം ഈ റോഡുകളിൽക്കൂടിയുള്ള വാഹനസൌകര്യം വളരെ കുറഞ്ഞിരിക്കുന്നു. എട്ടുമൈൽ ദൂരെ ഒരു എയിറ്റസീറ്റർ കൊണ്ടുപോകുന്നതിനു ഫ്രീ ട്രൂപ്പാ ടോൾ കൊടുക്കണമെന്നു വരുകിൽ ഏതു നിലയിലാണു് ഒരു ബസ് സർവീസ് നടത്തുന്നതു്? അതിനാൽ ഇങ്ങനെയുള്ള റോളുകൾ ഒന്നൊന്നേ ഏർപ്പെടുത്തുന്നതെന്നുമാത്രമല്ല ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ളവയെ നിറുത്തണമെന്നുകൂടിഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ഈ സാമ്പത്തികാധഃപതനകാലത്തു റോഡുകളുടെ മെയിൻറനൻസ് അതാതു സ്ഥലത്തുള്ള വക്കു ചെറുതു ചെറുതായി തിരിച്ചു എല്ലാ കൂലിക്കാക്കും അല്പസ്വല്പം ആദായം കിട്ടത്തക്കവണ്ണം കൺട്രാക്റ്റു കൊടുക്കുന്നതു വളരെ നന്നായിരിക്കുമെന്നു് എനിക്കഭിപ്രായമുണ്ടു്, . അടുത്ത കൊല്ലത്തെ ബഡ്ജറ്റിൽ ഞാൻ മുൻപു സ്സാവിച്ചതായ പ്രധാനജോലികൾക്കായി പ്രത്യേകം തുക കൊള്ളിച്ചു സാമ്പത്തികാധഃപതംകൊണ്ടു സങ്കടമനുഭവിക്കുന്ന കൂലിക്കാക്കു വേലകിട്ടത്തക്കവണ്ണം ആതു പ്രവൃത്തിപദ്ധതിയിൽ കൊണ്ടുവരണമെന്നഭിപ്രായപ്പെട്ടുകൊണ്ടു വിരമിച്ചുകൊള്ളുന്നു.

Mr. N. K. Padmanabha Pillai (*Neyyattinkara* cum *Nedumangad*): സർ, പൊതുമരാമത്തുവകുപ്പിനെ സംബന്ധിച്ചേടത്തോളം പറയുന്നതിനുമുമ്പായി ഇന്നത്തെ ചീഫ് എൻജിനീയർ മി. ടസ്കാട്ടിനെപ്പറ്റി രണ്ടുവാക്കു പറയണമെന്നു ഞാൻ വിചാരിക്കുന്നു.

സർ, സ്വദേശികളായിട്ടും വിദേശികളായിട്ടും സമർത്ഥന്മാരായ പല ചീഫ് എൻജിനീയർമാരും ഇവിടെ ഉണ്ടായിരുന്നു ചീഫ് എൻജിനീയരെപ്പറ്റി പറയുകയാണെങ്കിൽ അദ്ദേഹം സൽസ്വഭാവിയായ ഒരാളാണെന്നാണു് എന്റെ അഭിപ്രായം. നെയ്യാറിൻകരയിലെ ജനങ്ങൾ മലമ്പനിപിടിപെട്ടു് വളരെ സങ്കടങ്ങൾ അനുഭവിച്ചുകൊണ്ടിരുന്ന കാലത്തു് അദ്ദേഹം വളരെ സഹായം ആ നാട്ടിലേക്കു ചെയ്തിട്ടുണ്ടെന്നുള്ള വസ്തുത ഞങ്ങൾ നന്ദിപൂർവ്വം അനുസ്മരിക്കുന്നു. കല്ലും, മുള്ളും, കാടും, പടപ്പും നിറഞ്ഞതും ദുർഘടവും ദുർഘടസഞ്ചാരപൂർണ്ണവുമായ പല കുഗ്രാമങ്ങളിലും പത്തും പന്ത്രണ്ടും മൈൽദൂരം കാൽനട

LIBRARY ARCHIVES Kerala Legislative Assembly

യായി സഞ്ചരിച്ചു് അദ്ദേഹം അവിടെവന്ന ജനങ്ങളുടെ കഷ്ടസ്ഥിതി കഠം കാണുകയും തൻനിവാരണാർത്ഥം റിലീഫ് റോഡുകഠം ഉണ്ടാക്കുന്ന വിഷയത്തിൽ അദ്ദേഹം ഉൽസുകനായിത്തീരുകയും ചെയ്തിരുന്ന എന്നുള്ളതു് പരമാർത്ഥമായ സംഗതിയാണു്.

Mr. M. P. Madhavan Pillai : അക്കാലത്തു ദിവാൻജിയുംഅവിടെ വന്നിരുന്നില്ലെ?

Mr. N. K. Padmanabha Pillai : ദിവാൻജി കാർപോകുന്ന സ്ഥലങ്ങഠം സന്ദർശിച്ചതല്ലാതെ ഉഠംനാടുകഠം സന്ദർശിച്ചില്ല. അതുപോലെ മഹാരാജാവുതിരുമനസ്സുകൊണ്ടും അവിടെ എഴുന്നള്ളിയിരുന്നു. എന്നാൽ ചീഫ് എൻജിനീയർ സന്ദർശിച്ചതു് അങ്ങിനെയല്ല, താലൂക്കിന്റെ ഉഠ്ഭാഗത്തു കടന്നു റോഡുപോലുമില്ലാത്ത പല സ്ഥലങ്ങളിൽകൂടിയും സഞ്ചരിച്ചു അവിടത്തെ ആവശ്യം അറിഞ്ഞതു ഞാൻതന്നെ കണ്ടിട്ടുള്ളതാണു്.

Mr. M. P. Madhavan Pillai : ചീഫ് എൻജിനീയർ സ്വന്തനിലയിൽവന്നൊ അതോ ഗവണ്മെൻറാഡർ അനുസരിച്ചുവന്നൊ?

Mr. N. K. Padmanabha Pillai : അതിനുത്തരം പറയുവാൻ സമയമില്ല. ചീഫ് എൻജിനീയരുടെ ഈദൃശ പ്രവർത്തനങ്ങഠംക്കായി ഞങ്ങഠം അദ്ദേഹത്തോടു വളരെ നന്ദിയുള്ളവരായിരിക്കുന്നു. നെയ്യാറിന്കര താലൂക്കിൽ മലമ്പനി ബാധിതമായ ചില പ്രദേശങ്ങളിൽ ചില റിലീഫ് റോഡുകഠം വെട്ടിയിട്ടുണ്ടു്. അതിലേക്കു ജനങ്ങഠം സ്ഥലംവെറുതെ വിട്ടുകൊടുത്തു. ഉല്പന്നങ്ങളെ പല ചന്തകളിലും കൊണ്ടുപോയി വില്പനനടത്തി ആദായമുണ്ടാക്കാമെന്നുള്ള ആശയോടുകൂടിയാണു ജനങ്ങഠം ഫലമുള്ളതായ പല വൃക്ഷങ്ങളേയും മുറിച്ചു സ്ഥലം വിട്ടുകൊടുത്തതു്. എന്നാൽ ആ ആശ കേവലം നിരാശയായി തീർന്നിരിക്കുന്നു. ഈ റോട്ടു മുഴുവനും തീർന്നുവെങ്കിലും അതിൽകൂടി വണ്ടി സഞ്ചരിക്കണമെങ്കിൽ ഒന്നരണ്ടു പാലങ്ങളും കലുങ്കുകളും തീരേണ്ടതായിട്ടുണ്ടു്. അവയുടെ അഭാവം നിമിത്തം ഉല്പന്നങ്ങഠം ചന്തയിലേക്കു കൊണ്ടുപോകുവാൻ സാധിക്കുന്നില്ല. അതിനാൽ ഈ ജോലികഠം എത്രയും വേഗത്തിൽ തീർത്തുകൊടുക്കേണ്ടതാണു്. എന്നാൽ അതിലേക്കായി ഒരു കാശുപോലും ബഡ്ജറ്റിൽ കാണാത്തതു വളരെ സങ്കടമാകുന്നു.

ഓരോ വർഷത്തിലും ഓരോ ജോലികഠംക്കായി നീക്കിവയ്ക്കുന്ന തുകകഠം ചിലവാക്കാതെ ആണ്ടവസാനത്തിൽ അതുമുഴുവനും ലാപ്സാക്കി

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. K. Padmanabha Pillai.]

വരുന്നു. ഇതിലേക്കുള്ള പല ദൃഷ്ടാന്തങ്ങളും ഞാൻ പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലത്തിൽ തന്നെയുണ്ട്. ഉദാഹരണമായിട്ടു പറയുകയാണെങ്കിൽ മൂന്നര മൈൽ ദൂരം തീർന്നിട്ടുള്ള പേയാട്-വെള്ളനാട്ടുറോഡിൽ ഇനി ഒരു ഒന്നര മൈൽക്കൂടി തീർന്നാൽ അതു ഉപയോഗപ്രദമാകുമെന്നു വളരെ പ്രാവശ്യം ഈ കൌൺസിലിൽതന്നെ പറഞ്ഞിട്ടുണ്ട്. എന്നാൽ അതു ഇതുവരെ തീർന്നിട്ടില്ല. പണം ലാപ്സ്സാകുകയും ചെയ്തു. ഇതുപോലെ പല റോഡുകളെപ്പറ്റിയും പറയുവാൻ ഉണ്ട്. പുതിയറോഡുകളെപ്പറ്റിയും പറയുവാൻ ഉണ്ട്. പുതിയ റോഡുകൾ വെട്ടുന്നതിനെ സംബന്ധിച്ചു ഈ ബഡ്ജറ്റിൽ അധികമായി ഒന്നുംതന്നെ കാണുന്നില്ല.

ഇനി റോളിനെ സംബന്ധിച്ചാണു് എനിക്കു പറയുവാനുള്ളതു്. റോളുകൾ നിരുത്തണമെന്നു ഈ കൌൺസിലിൽതന്നെ പല പ്രമേയങ്ങളും പാസ്സാക്കിയിട്ടുണ്ട്. റോൾ നിരുത്തി അതിനുപകരം വാഹനങ്ങൾ രജിസ്റ്റർ ചെയ്യുകയാണെങ്കിൽ ഗവണ്മെൻറിനു കിട്ടേണ്ട ആദായം അങ്ങിനെ കിട്ടുമെന്നു ഞാൻതന്നെ ഗവണ്മെൻറിനെ അറിയിച്ചിട്ടുമുണ്ട്. ഈ പ്രമേയങ്ങളും അഭിപ്രായങ്ങളുമനുസരിച്ചു നടത്താതെ പുതിയ പുതിയ റോളുകൾ ഏർപ്പെടുത്തുകയാണു് ചെയ്യുന്നതു്. ജനങ്ങൾക്കു വളരെ സങ്കടത്തെ ഉണ്ടാക്കുന്ന ഈ മാതിരിയുള്ള നയത്തെപ്പറ്റി ആക്ഷേപിക്കാതെ തരമില്ല. നെയ്യാറിൻകര നിന്നും തിരുവനന്തപുരത്തേയ്ക്കു ഫാ മൈയിലുണ്ടെങ്കിലും ഗവണ്മെൻറു കണക്കനുസരിച്ചു പതിനൊന്നര മൈലേയുള്ളൂ. ഈ ദൂരത്തിനിടയ്ക്കു ബാലരാമപുരത്തു് ഈയിടെ ഒരു റോൾ ഏർപ്പെടുത്തിയിരിക്കുന്നു. ഇതു വളരെ സങ്കടകരമായ ഒന്നാണു. നെയ്യാറിൻകരനിന്നും തലസ്ഥാനനഗരിയിൽ വരേണ്ടതായ പല ആവശ്യങ്ങളുമുണ്ടു്. ഈ റോൾ ഏർപ്പെടുത്തിയതു നിമിത്തം ഗതാഗതത്തിനു തടസ്ഥം നേരിടുന്നതോടുകൂടിത്തന്നെ വളരെ ആളുകൾക്കു ജോലിയില്ലാതെ വരുന്നതിനും ഇടയായിട്ടുണ്ടു. ഇതിനെ സംബന്ധിച്ചു എന്റെ ബഡ്ജറ്റു പൊതുവിമർശനത്തിൽ വിവരമായി പ്രതിപാദിച്ചിട്ടുള്ളതാണു്. രാജതുല്യന്മാരായ മോട്ടാർ ഉടമസ്ഥന്മാരോടു മത്സരിക്കുന്നതിനു സാധുക്കളായ എയിറ്റ്സീറ്റേർസ് ഉടമസ്ഥന്മാർ പ്രാപ്തരല്ല. അതിനാൽ ഇന്നു അവർ തിരുവനന്തപുരം-നെയ്യാറ്റിങ്കര സർവീസുകൊണ്ടു കഴിച്ചുവരുന്ന ഉപജീവനമാർഗ്ഗം മുട്ടിക്കാം എന്നുള്ളതുമാത്രമെ ഈ പുതിയ റോൾ ഏർപ്പെടുത്തിയതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവന്നിട്ടൊള്ളൂ. തന്നിമിത്തം ഇവരുടെ വ്യവസായം നെയ്യാറിൻകരനിന്നും മാറിയേക്കാനിടയുണ്ട്. അങ്ങിനെവരുമ്പോൾ ലൈസൻസ ഫീസ് ഇനത്തിൽ പ്രതിവർഷം കിട്ടിക്കൊണ്ടിരിക്കുന്ന അഞ്ഞൂറോളംരൂപാ നെയ്യാറിൻകര മുൻസിപ്പാലിറ്റിക്കു നഷ്ടമാവുകയുംചെയ്യും. ഇങ്ങനെ ഗവണ്മെൻറു രണ്ടുപ്രകാരത്തിൽ നഷ്ടത്തെ ഉണ്ടാക്കിവച്ചിരിക്കുന്നതു് ക്ഷന്തവ്യമല്ല. ഇനി എനിക്കു പറയുവാനുള്ളതു പാലങ്ങളെ സംബന്ധിച്ചാണു്. അത്യാവശ്യമായ ചില പാലങ്ങൾ തീർക്കുവാനുണ്ടു്. തെക്കൻതിരുവിതാംകൂറിലേക്കു കടക്കുന്നതിനുള്ള അതിപ്രധാനമായ പാലം നെയ്യാറിലെ പാലമാണു്. അതിനു വല്ലകേടും സംഭവിക്കുന്നപക്ഷം തെക്കൻതിരുവിതാംകൂറിലേക്കു കടക്കുവാൻ ആർക്കും കഴിയുകയില്ല. അതിനാൽ ഈ കൌൺസിലിലും അസംബ്ളിയിലും ശ്രീമൂലംപാപ്പുലർ അസംബ്ളിയിലും പലപ്പോഴും വാദിച്ചിട്ടുള്ള മണ്ഡലത്തുംകടവിൽ ഒരു പാലം പണിയിച്ചാൽ ഈ കുറവു പരിഹരിക്കപ്പെടാം. ഇപ്പോൾ റിലീഫ് റോഡുകൾ തീർന്നിരിക്കുന്ന സ്ഥിതിക്കു ഈ പാലംകൂടി തീരുന്നപക്ഷം കിഴക്കൻപ്രദേശമായ മലവാരംവഴി തിരുവിതാംകൂറിന്റെ തെക്കെഅറ്റംവരെ പോകുവാൻ സാധിക്കുന്നതാണു്. അതുപോലെതന്നെ പൂവാറിൽ ഒരു പാലം പണിതാൽ തിരുവനന്തപുരത്തുനിന്നും സമുദ്രതീരംവഴി കന്യാകുമാരിവരെ സഞ്ചരിക്കാൻ സാധിക്കും. ഈ പാലത്തിന്റെ ആവശ്യം മനസ്സിലാക്കി ദിവാൻജിയായിരുന്ന പരേതനായ വാട്സ് അവർകൾ അതിലേയ്ക്കു എസ്റ്റിമേറു തയ്യാറാക്കുന്നതിനു ആർഡർ കൊടുത്തിട്ടുണ്ടായിരുന്നു. എന്നാൽ അതു നടപ്പിൽ വരുത്താത്തതു വളരെ കഷ്ടംതന്നെ. അതിനാൽ ഈ പാലങ്ങളെസംബന്ധിച്ചു ഗവണ്മെണ്ടു വേണ്ടതു ചെയ്യണമെന്നു ഞാൻ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

Mr. M. N. Narayana Menon (*Kottayam*) : സർ, എന്റെ ബഹുമാന്യ സ്നേഹിതൻ മി. എൻ. കെ. പത്മനാഭപിള്ള ചീഫ് എൻജിനീയരെപ്പറ്റി പറഞ്ഞ അഭിപ്രായത്തോടു ഞാനും യോജിക്കുന്നു. ഉദ്യോഗസ്ഥന്മാർ ജനങ്ങൾക്കു ഹിതമല്ലാത്ത പ്രവൃത്തികൾ ചെയ്യുമ്പോൾ അവരെപ്പറ്റി കുക്ഷേമായി നിരൂപണം ചെയ്യുന്നതുപോലെ ജനക്ഷേമകരങ്ങളായ പ്രവൃത്തികൾ ചെയ്യുമ്പോൾ അവരെ അഭിനന്ദിക്കാതിരിക്കുവാനും നിവൃത്തിയില്ല. അതിനാലാണു് ഞാൻ മി. പത്മനാഭപിള്ളയുടെ അഭിപ്രായത്തോടുയോജിക്കുന്നു എന്നു പറഞ്ഞതു. ചീഫ് എൻജിനീ

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. N. Narayana Menon]

യർ സന്ദർശിക്കാത്ത പല സ്ഥലങ്ങളുമുണ്ടെന്നു എന്റെ സ്നേഹിതന്മാർ പറയുകയുണ്ടായി. എന്നാൽ ഒരു വിധത്തിലും വന്നുചേരാൻ നിവൃത്തി യില്ലാത്ത കൂട്ടനാട്ടിലെ ഒരു ഭാഗമായ കുമരകത്തു പല പ്രാവശ്യവും അ ദ്ദേഹം വന്നിട്ടുണ്ടെന്നു വളരെ സന്തോഷത്തോടുകൂടി എനിക്കു പറയുവാ ൻ കഴിയും.

ജനങ്ങൾക്കു കൂടുതൽ പ്രയോജകീഭവിക്കുന്നതിനുള്ള ഒരു ഡിപ്പാ ർട്ടുമെന്റു പൊതുമരാമത്തു വകുപ്പല്ലാതെ മറെറാന്നും തന്നെയില്ല. ഈ വകുപ്പിലേക്ക് ഫ ഫ ർ-ലക്ഷം രൂപാ ചേത്തിരിക്കുന്നു എന്നു വലിയ വെ ണ്ടയ്ക്കാ അക്ഷരത്തിൽ കാണിച്ചിരിക്കുന്നു. എന്നാൽ എല്ലാജനങ്ങൾ ക്കും പ്രയോജകീഭവിക്കത്തക്കവണ്ണം ഒന്നുംതന്നെ ചെയ്യുകാണുന്നില്ല. ഈ തുകയിൽ മുക്കാലെ അരയ്ക്കാൽ ഭാഗവും തിരുവനന്തപുരത്താണ് ചിലവു ചെയ്യുന്നതെന്നു ഒന്നു രണ്ടു കൊല്ലത്തെ ബഡ്ജററുകൾ പരിശോ ധിച്ചാൽ കാണാവുന്നതാണ്. എന്നാൽ രാജ്യത്തെ മററു ഭാഗങ്ങളെ വിസ്മരിക്കുന്നതും ശരിയായ ഒരു നയമല്ല. സാമ്പത്തികാധഃപ്പതനം നേരിട്ടിരിക്കുന്ന ഈ അവസരത്തിലാണ് കൂടുതൽ പണികൾ നടത്തേ ണ്ടതിന്റെ ആവശ്യകതയുള്ളതു്. മററു പരിഷ്കൃത രാജ്യങ്ങളിലെല്ലാം ഈ നയം സ്വീകരിച്ചു നടത്തിവരുന്നു. ഫ ൦ ൦ ൦ രൂപായുടെ പണി ഈ അവസരത്തിൽ ൪ ൦ ൦ രൂപാകൊണ്ടു ചെയ്യുവാൻ കഴിയും. അ തിനാൽ ഗവൺമെന്റു പൊതുമരാമത്തുവകുപ്പിലേക്കു സപ്ലിമെന്ററി ഗ്രാന്റു കൊണ്ടുവന്നെങ്കിലും ൪ലക്ഷം രൂപാക്കൂടി അനുവദിച്ചു ഫ ഫ ർ-ൽ ആ തുക വിനിയോഗിക്കണമെന്നാണ് എനിക്കു പറയുവാ നുള്ളതു്.

എന്റെ നിയോജകമണ്ഡലമായ കോട്ടയം താലൂക്കിലുൾപ്പെട്ട കൂട്ടനാട്ടിലെ ആവശ്യങ്ങൾ വളരെക്കാലമായി ഇവിടെ പ്രതിപാദിച്ചു കൊണ്ടിരിക്കയാണ്. കോട്ടയത്തുനിന്നും കുമരകം വഴി വെച്ചൂരേയ്ക്കു ള്ള റോഡും വെച്ചൂരിൽനിന്നും വയ്ക്കത്തേയ്ക്കുള്ള റോഡും പൂർത്തിയായാ ൽ കോട്ടയം—എറണാകുളം ലൈൻ പൂർത്തിയാകും. ഇതു് ഇവിടെ ദി വാൻജിയായിരുന്ന സർ. പി. രാജഗോപാലാചാര്യരുടെ കാലംമുതൽ ആലോചനയിലിരിക്കുന്ന ഒരു സംഗതിയാണ്. വയ്ക്കത്തുനിന്നും എറ ണാകുളത്തേയ്ക്ക് ഫർ ഫ/൨ മൈൽ ഉണ്ടു്. ഇതിൽ വയ്ക്കം—വെച്ചൂർ റോഡിൽ ഏതാണ്ടു ഭാഗം തീർന്നിട്ടുണ്ടു്. കോട്ടയം—കുമരകം റോഡു മിക്കവാറും തീർന്നിരിക്കയാണ്. ഇനി അതിൽ ഒരു നാലര മൈൽ റോ ഡുകൂടിതീർന്നാൽ എറണാകുളം—കോട്ടയം ലയിൻ സഞ്ചാരസൗകര്യ

LIBRARY ARCHIVES Kerala Legislative Assembly

ത്തിനു യോഗ്യമാകും. മറന്നാളാണെന്നു തോന്നുന്നു കൊച്ചിത്തുറമുഖത്തിന്റെ നാലാംഘട്ടം ജോലി തുടങ്ങുന്നത്. കൊച്ചിത്തുറമുഖത്തിൽ നിന്നും അടുത്തകൊല്ലത്തിൽ 2 ലക്ഷം രൂപായോളം നമുക്കു കിട്ടുമെന്നും ഗവൺമെൻറ് പ്രതീക്ഷിക്കുന്നു. ഇങ്ങനെ ആദായം ലഭിക്കുന്നതിനാവശ്യമായ പണികളെല്ലാം ഗവൺമെൻറു നടത്തേണ്ടതാണു്. കൊച്ചി തുറമുഖത്തിന്റെ അഭിവൃദ്ധിയ്ക്കും കോട്ടയം—എറണാകുളം റോഡു വളരെ അത്യാവശ്യമാകുന്നു. ഈ പുതിയ റോഡുതീർന്നാൽ വൈമൽ ദൂരം ലാഭിക്കാവുന്നതാണു്.

കോട്ടയം പട്ടണത്തിൽനിന്നും കൊച്ചി, ആലപ്പുഴ, എറണാകുളം, കൊല്ലം മുതലായ സ്ഥലങ്ങളിലേക്കു ബോട്ടുസർവീസ് നടക്കുന്നുണ്ടു്. യാത്രയ്ക്കായി അവിടെ വരുന്നവരുടെ സംഖ്യയും ഒട്ടും ചില്ലറയല്ല. അവരുടെ വിശ്രമത്തിനായി അവിടെ ഒരു ജട്ടിയുടെ അത്യാവശ്യകതയുണ്ടു്. അതു് ഉടനടി തന്നെ ഉണ്ടാക്കിക്കൊടുക്കണമെന്നു അഭ്യർത്ഥിക്കുന്നു. മറു സ്ഥലങ്ങളെപ്പോലെ കുട്ടനാട്ടിലേക്കു റോഡു ധാരാളം ഇല്ല. എന്നാൽ അവിടെ ചില തുരുത്തുകൾ ഉണ്ടാക്കേണ്ടതു് എന്തുയും അത്യാവശ്യമായിത്തീർന്നിരിക്കുന്നു. വെള്ളപ്പൊക്കകാലത്തു് ആളുകൾക്കു താമസിക്കുന്നതിനും കന്നുകാലികൾക്കു നിൽക്കുന്നതിനും ഇങ്ങനെയുള്ള തുരുത്തുകളില്ലാതെ വളരെ വിഷമതകരം അനുഭവിക്കുന്നുണ്ടു്. ൻൻ-ലെ വെള്ളപ്പൊക്കകാലത്തു് അന്നത്തെ ദിവാനായിരുന്ന മി. ടി. രാഘവയ്യാ കുമരകം സന്ദർശിക്കയും അവിടെ രണ്ടു രണ്ടര ഏക്കർ സ്ഥലം എടുത്തു ഉയർത്തിയിടുന്നതിനു് ശട്ടംകെട്ടാമെന്നു സമ്മതിക്കയും ചെയ്തു. അതു് കഴിഞ്ഞു് ഒരു വ്യാഴവട്ടം കഴിഞ്ഞിരിക്കുന്നതുകൊണ്ടു് കാലഹരണമായിപ്പോയി എന്നു തോന്നുന്നു. ഇതുവരെയും അതു നടത്തിയിട്ടില്ല.

The Council adjourned for lunch at 1 P. M. and re-assembled at 2 P. M. with Mr. M. N. Parameswaran Pillai, one of the Panel of Chairmen, in the chair.

Mr. M. N. Narayana Menon: കുട്ടനാട്ടിൽ വെള്ളപ്പൊക്കകാലത്തു് കന്നുകാലികളെ സംരക്ഷിക്കുന്നതിനായി ഓരോ സ്ഥലങ്ങളിലും രണ്ടേക്കറിൽ കുറയാത്ത ഭൂമി നികത്തിക്കൊടുക്കണമെന്നു ജനങ്ങൾ ൻൻ മുതൽ ആവശ്യപ്പെട്ടുകൊണ്ടിരുന്നതാണു്. മി. ടി. രാഘവയ്യാ ദിവാൻജിയായിരുന്ന കാലത്തു് അദ്ദേഹം ഈ സ്ഥലങ്ങളൊക്കെ സന്ദർശിക്കുകയും ഇങ്ങനെ കന്നുകാലിസംരക്ഷണത്തിനായി ഭൂമി നികത്തിക്കൊടുക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ബോദ്ധ്യപ്പെടുകയും അതിനായി ഏതാനും ചില പ്രാരംഭനടപടികൾ നടത്തുകയും ചെയ്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. N. Narayana Menon.]

പിന്നീട് ഇതുവരെ യാതൊന്നും ചെയ്തിട്ടില്ല. ഈ ആണ്ടിൽത്തന്നെ അവിടെ രണ്ടു വെള്ളപ്പൊക്കമാണുണ്ടായത്. ആ പ്രദേശങ്ങൾ സന്ദർശിച്ചിട്ടുള്ളവർക്കും വെള്ളപ്പൊക്കമുണ്ടായാൽ അവിടെ എത്രമാത്രം വിഷമങ്ങൾ ഉണ്ടാകുന്നുണ്ടെന്നുള്ളതു ഏറക്കുറെ അറിയാവുന്ന സംഗതിയാണല്ലോ. ഈയാണ്ടത്തെ വെള്ളപ്പൊക്കം സൻ-തിലെപ്പോലെ അത്ര കഠിനമായിരുന്നില്ല. എന്നിരുന്നാലും ആണ്ടുതോറും വെള്ളപ്പൊക്കം ഉണ്ടാകുക സാധാരണമാണ്. അതുകൊണ്ട്, ഫ്ര ഫ-ാമാണ്ടിലെങ്കിലും ഈ കാര്യത്തിൽ ഡിപ്പാർട്ടുമെൻറു ക്രൂതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാകുന്നു.

തിരുവാർപ്പിൽനിന്നും ചെങ്ങളംവഴി ഒളശ്ശവരെ പോകുന്ന ഒരു ചെറിയ റോഡാവശ്യമാണ്. അതിനു ഏകദേശം ഒന്നര മൈൽ ദൂരം വരും. ഈ റോഡ് അനുവദിക്കണമെന്ന് പല പ്രാവശ്യവും ആവശ്യപ്പെട്ടിട്ടുള്ളതാണ്. ഇതുവരെ ഒരു പണിയും നടന്നിട്ടില്ല. അതുപോലെ വേളൂർനിന്നും ഇല്ലിക്കൽ പാലത്തിലേക്കും ഒരു റോഡുണ്ട്. ഒരു മൈൽ നീളംവരും.ഈവഴിവണ്ടിപോകത്തക്കവിധംനന്നാക്കണം. ഇതൊക്കെചെറിയ സംഗതികളാണെങ്കിലും അതാതു സ്ഥലങ്ങളിലുള്ളവർക്കു വലിയകാര്യങ്ങളാണ്. കുടമാളൂർ ആറ്റിൽ ഒരു പാലത്തിനുവേണ്ടി ജനങ്ങൾ വളരെ അത്യാവശ്യപ്പെട്ടിരിക്കുകയാണ്. അതിലേക്ക് അവിടെയുള്ള ആളുകൾ ദിവാൻജിയെക്കണ്ട് നിവേദനപ്പെടുകയുണ്ടായി. അദ്ദേഹം അതിൽ അനുകമ്പ പ്രദർശിപ്പിക്കുകയും അടുത്തകൊല്ലത്തെ ബഡ്ജറ്റിൽ അതിനുവേണ്ടിയുള്ള തുക കൊള്ളിക്കാമെന്നു പറയുകയുംചെയ്തുവെന്നാണ് എന്റെ അറിവ്. എന്നാൽ ബഡ്ജറ്റിൽ അതിനുവേണ്ടി ഒരു കാശും കൊള്ളിച്ചിട്ടില്ല. അതുപോലെ കിടങ്ങൂരാറ്റിൽ ഒരു കടവാടം ഇട്ടതരേണ്ട ആവശ്യകതയെപ്പറ്റിയും പന്നഗം തോട്ടിൽപാലം അനുവദിക്കണമെന്നും ഗവണ്മെൻറിനോടു പല പ്രാവശ്യവും ആവശ്യപ്പെട്ടിട്ടുള്ളതാണ്. ഇതുപോലെതന്നെ പല നാട്ടിൻപുറങ്ങളിലേയും ആവശ്യങ്ങൾ നിറവേറ്റാൻ ഉണ്ടായിരുന്നിട്ടും അവ ഒക്കെയും അവഗണിച്ചു പട്ടണങ്ങളിലും മറ്റും വലിയ അത്യാവശ്യമില്ലാത്ത കാര്യങ്ങൾക്കായി, വെറും ആഡംബരത്തിനുവേണ്ടി, ലക്ഷക്കണക്കിനും കോടിക്കണക്കിനും ഉള്ള തുകകൾ ചെലവഴിക്കുവാൻ ഗവണ്മെൻറു ഒരുങ്ങുന്നതു കണ്ടപ്പോൾ ജനങ്ങൾ സങ്കടപ്പെടുന്നതിലും ക്ഷോഭിക്കുന്നുവെങ്കിൽ അതിലും അവരെ കുറ്റപ്പെടുത്തേണ്ടതുണ്ടോ? കൃഷിക്കാരുടെയും നാട്ടിൻപുറങ്ങളിലുള്ളവരുടെയും ആവശ്യങ്ങൾക്കായി ഒരൊറ്റ പൈ പോലും ചെലവാക്കാതെ തലസ്ഥാ

LIBRARY ARCHIVES Kerala Legislative Assembly

നഗരിയിലും മറും ഇത്ര അധികം പണം ചെലവാക്കിയത് ഒരിക്കലും അഭിലഷണീയം അല്ല. ഇതിന് എന്തിന ചീഫ് എൻജിനീയരെ കുറ്റം പറയുന്നു? അദ്ദേഹത്തിനുള്ള റിസർവായി ബഡ്ജറിൽ മുൻകൊല്ലങ്ങളിൽ കാണാറുള്ള ഇരുപതിനായിരം രൂപക്കൂടി ഈയാണ്ടിൽ കൊടുത്തിട്ടില്ല. മറുള്ളവരുടെ ആവശ്യങ്ങളെ കുറച്ചു കുറച്ചുവന്ന് ഒടുവിൽ ഇപ്പോൾ ചീഫ് എൻജിനീയരുടെ തുകയെപ്പോലും വിഴുങ്ങിച്ചിരിക്കുകയാണ്.

പാറാവളയത്തിൽ ചാടുക എന്ന പറയാറുണ്ടല്ലോ. വലിയ പാറാവളയത്തിൽ ആളും ചാടും. പിന്നീടു വളയം ചെറുതാക്കി ചെറുതാക്കി ഒടുവിൽ പാറാവളയം ഇല്ലാതെ ചാടും. അതുപോലെയായി ഇപ്പോൾ രാജ്യത്തെ അത്യാവശ്യവും അപ്രതീക്ഷിതവുമായിവരുന്ന ജോലികൾക്കായി ചീഫ് എൻജിനീയരുടെ യുക്തംപോലെ ചെലവഴിക്കുന്നതിനായി ഇരുപതിനായിരം രൂപ അനുദിനോരും നീക്കിവെയ്ക്കുക പതിവായിരുന്നു. എന്നാൽ ഈയാണ്ടത്തെ ബഡ്ജറിൽ അതും കാണുന്നില്ല. പുതിയ റോഡുകൾക്കും മറുമായി ഈ ലക്ഷം രൂപാക്കൂടി പബ്ളിക്ക് വർക്സ് ഡിപ്പാർട്ടുമെൻറിൽ അനുവദിക്കേണ്ടതാണെന്നാണ് എനിക്കു മൊത്തത്തിൽ പറയാനുള്ളത്.

ഡിപ്പാർട്ടുമെൻറു കാര്യങ്ങൾ നോക്കുകയാണെങ്കിലും പല ന്യൂനതകളും കാണുന്നുണ്ട്. വലിയ വലിയ ഉദ്യോഗസ്ഥന്മാരെ എപ്പോഴും സുരക്ഷിതമാക്കി വച്ചുകൊണ്ടിരിക്കുന്നതിൽ ഗവണ്മെൻറു ശ്രദ്ധിക്കാറുണ്ടെങ്കിലും കീഴ് സിൽബന്ധികളുടെ കാര്യം പലപ്പോഴും തീരെ അവഗണിച്ചിരിക്കയാണെന്നു തോന്നുന്നു. വലിയ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കൂട്ടിക്കൊടുക്കുന്നുണ്ട്. അതേസമയത്തു താഴ്ന്ന ശമ്പളക്കാരുടെ ശമ്പളം കുറയ്ക്കുകയാണു ചെയ്യുന്നത്. വക്ക് എസ്റ്റാബ്ളീഷ്മെൻറിൽ ജോലിനോക്കിക്കൊണ്ടിരിക്കുന്നവക്കു വേണ്ടതു പോലെ പ്രോത്സാഹനം നൽകുന്നില്ല. വളരെക്കാലത്തെ സർവീസുള്ളവർ അക്കൂട്ടത്തിലുണ്ട്. എന്നിരുന്നാലും അവരെ ഡിപ്പാർട്ടുമെൻറിൽ ജീവനക്കാരുടെ യാതൊരു സൗകര്യങ്ങളും കൊടുക്കുന്നില്ല. ഡിപ്പാർട്ടുമെൻറിലെ ഒഴിവുകളിൽ അവരെ നിയമിക്കാതിരിക്കുന്നതു കഷ്ടമാണ്. ഇവർക്കു അനുകൂലമായ ചില വ്യവസ്ഥകൾ ചെയ്തു പബ്ളിക്ക് സർവീസിൽ ഉൾപ്പെടുത്തുന്ന കാര്യം പബ്ളിക്ക് സർവീസ് കമ്മീഷണരുടെ ശ്രദ്ധയിൽ പെടുത്തുവാൻ ഗവണ്മെൻറു ഒട്ടും മടിക്കുകയില്ലെന്നു വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Mr. Kochickal P. Balakrishnan Tampi (*Mavelikara and Kartikapalli cum Kunnathur*): Sir, I rise to support my honourable friend Mr. John Kattakayam's motion.

I have also my tale of grievances against the Chief Engineer for the non-fulfilment of many promises of Government, bridges that are not built and, roads that are not still opened. I think that the Government is to blame for not allotting sufficient sums for satisfying all our local needs. When other honourable friends thought of speaking about local needs of their constituencies, I think it is my duty to refer to my constituency also. There are many local needs which are not given proper attention to by the Public Works Department. When we wanted more roads, when we wanted more bridges and more money to be spent for Central Travancore, certainly Government have spent a large sum of money and they are spending, but not for the purpose for which we wanted them to spend but for schemes of doubtful utility which may not be well worth the money spent so far as Central Travancore goes. The Government have segregated all the lepers in my constituency and that is the sort of kindness which the Government have done to Central Travancore.

Mr. E. P. Varghese: May I know what all taluks are included in Central Travancore ?

Mr. Kochickal P. Balakrishnan Tampi: It is as vague as the honourable friend Mr. Varghese's description of North Travancore. Central Travancore will include Mavelikara, Karthikapalli, Kunnattur, Karunagapalli and, out of courtesy to my friend Mr. Madhavan Pillai, Thiruvalla also.

I trust the Chief Engineer will be good enough to enquire into the allegations made by my friend Mr. Marikar. They are very serious allegations especially when a member of this House is a victim of bribery. I trust the Chief Engineer will look into the matter.

I fully support the views of Mr. K. P. Nilakanta Pillai that the Public Works Department is a little over-staffed. Now there has been division of labour among the three Chief Engineers and it is high time that the Chief Engineer for roads, etc., tried to reduce the staff of the P. W. D.

I certainly protest against the personal reflections made by some of the honourable members on Mr. Truscott. Personally, I had occasion to meet Mr. Truscott on some of the important matters connected with the Public Works Department and I am glad that he was always prompt and courteous and there is not a shadow of snobbery or uppishness in him. I am glad that Mr. N. K. Padmanabha Pillai had the courage to speak in praise of the official member.

LIBRARY ARCHIVES Kerala Legislative Assembly

Mr. E. P. Varghese : Is it not legitimate for the other non-official members to state their own experiences and have they not a right to complain ?

Mr. Kochikal P. Balakrishnan Tampi : I do not want to derogate from the rights and privileges of any particular person. I think it is neither decorous, nor proper to talk discourteously of the conduct of another honourable member on the floor of the House. With these words I support the motion.

Mr. M. Govindan (*Nominated*) : I am really sorry to have to oppose Mr. Kattakayam who advocates the omission of the whole allotment of Rs. 39 lakhs and odd.

Mr. E. P. Varghese : Does the member think that the motion is a serious one ?

Mr. M. Govindan : I always consider that every motion that is brought forward here is a very serious one. I also expect the same from the other members in regard to this aspect of the matter. I do not take it in a serio-comic mood nor do I think that Mr. Kattakayam takes so either.

Mr. E. P. Varghese : Is it not a way of criticising the policy of the department by means of the omission of the allotment ?

Mr. M. Govindan : If Mr. John Kattakayam had said so I could have understood it. My own fear is that Mr. Kattakayam himself will not be here at the next session if such essential items as road maintenance included in the demand are omitted from the demand.

Mr. S. Piraviperumal Pillai : Does the member think that hereafter at least he can follow him ?

Mr. M. Govindan : I have made an honest effort. But it should not be inferred that I am disagreeing with every member who offers hostile criticism against the working of the department. There are some points raised here in which I agree and I am sure Mr. Truscott will be the first to agree that some improvements can be effected. One thing that struck me in the course of the discussion was the secrecy with which tenders are treated. Speaking for myself I do not understand why a tender should be opened in secret. There should be no secret in the matter. It is a matter of public concern. It may be that the Government may not accept the lowest tender. At the same time they may require an efficient contractor to do the work. We are not so irresponsible as to insist upon the lowest tender always being accepted. It may happen that a Tamilian, as my friend Mr. Piraviperumal Pillai put it the other day, is the lowest tenderer. It should be open to Government either

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. Govindan.]

to accept him or not. Our point is that the best work should be got out of the contractor. My own impression is that instead of keeping all these as secret, why not have a system of auctioning the contract to the lowest bidder.

Mr. K. P. Nilakanta Pillai: In view of my friend's observation that even though there is a man with the lowest tender there ought to be discretion seeing that the contractor must be able to do efficient work, what does it matter whether it is a system of tender or auction that is accepted?

Mr. M. Govindan: I am not a particular advocate of auction. I simply ask whether there is any objection to doing so. And, I am awaiting reply from the Government. My point is that there need not be any secrecy in the matter. If it is auctioned the Government may get at a very efficient contractor. In the tender system, the contractor may put his rate so high that it may not be possible for Government to accept it. When there is auction, there is a tendency for even very good contractors to underbid and give us a chance of good work for the lowest rate possible. I suggest auction for this reason.

Mr. S. Piraviperumal Pillai: In that case does the member think that the possibility of the officer substituting another tender can be eliminated without the knowledge of the people?

Mr. M. Govindan: That may be the reason which induces some of my friends to say that there should be no secrecy. I do not suspect any officer of any such bad conduct. I am not in a position to attribute such a bad trick to an officer. I presume that every officer is honest and above such misconduct.

I wish to bring another matter to the notice of Government and that is about incomplete works. It is a great discredit and waste to leave works incomplete. They should not be allowed to remain so. One of my honourable friends said that a mile and a half of road has alone to be constructed to make one road complete and serviceable. Such cases should be attended to. When there is once a commitment about a particular work, it must be taken up and completed. The work should be put in hand even at the sacrifice of and in preference to a new undertaking. Otherwise it will be a waste. With these words I support the demand and oppose the motion for the omission of the total allotment.

Mr. A. N. Visvanatha Pillai (*Quilon* cum *Karunagapalli*): സർ, മി. കട്ടക്കയം അവതരിപ്പിച്ച പ്രമേയത്തെ ഞാനും പിൻതാങ്ങുന്നു. ഒരു നിശ്ചിതമായ നയം പൊതുമരാമത്തു ഡിപ്പാർട്ടുമെൻറു കൈക്കൊള്ളുന്നില്ല എന്നുള്ളതിനെപ്പറ്റിയാണ് എനിക്കു പ്രധാനമായും പറയാ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നള്ളതു്. ഓരോ ജോലികൾം നാട്ടിന്റെ നാനാഭാഗങ്ങളിലായി തുടങ്ങിയിട്ടു് അതിന്റെ പണി പൂത്തിയാക്കാതെ വിട്ടുകളയുന്നതു് ഒരിക്കലും ശരിയല്ല. ഓരോ സ്ഥലങ്ങളിലും അതാതു കാലത്തിരിക്കുന്ന എൻജിനീയറന്മാരുടെ ഇഷ്ടപ്രകാരം ഓരോ പുതിയ വേല തുടങ്ങുകയും അതിന്റെ ഏതാണ്ടം ഭാഗം പണികൾം നടത്തി അവസാനിപ്പിക്കുകയും അണ ഇപ്പോൾം ചെയ്തുവരുന്നതു്. രാജ്യം ഒട്ടുക്കു നോക്കിയാൽ ഇപ്രകാരം അനവധി ജോലികൾം തുടങ്ങി, പൂർത്തിയാക്കാതെ കിടക്കുന്നതായി കാണാം. ഇങ്ങനെ ഉപയോഗശൂന്യമായ രീതിയിൽ പബ്ലിക്കു പണം ചെലവാക്കുന്നതിന്റെ ഉദ്ദേശമെന്താണു്? ഈ സഭയിലും ഇതിനുവെളിയിലും ഉള്ള പലരും ഗവണ്മെൻറിന്റെ ഈ നയത്തെ അതികഠിനമായി വിമർശിച്ചിട്ടുണ്ടു്. ഒരിക്കൽപോലും ഗവണ്മെൻറു് അതു കേട്ടതായി നടിക്കുകയോ ഈ വിമർശനമനുസരിച്ചു പ്രവർത്തിക്കുന്നതിൽ ശ്രദ്ധിക്കുകയോ ചെയ്തിട്ടില്ല. കഴിഞ്ഞ കൊല്ലത്തെ ബഡ്ജറു സമ്മേളനത്തിലും ഇക്കൊല്ലത്തെപ്പറ്റി അതികഠിനമായി വിമർശിച്ചിട്ടുണ്ടു്. അതിൽപിന്നീടെങ്കിലും ഇതിൽ ശ്രദ്ധപതിപ്പിച്ചിരുന്നു എങ്കിൽ വീണ്ടും ഇങ്ങനെ പരാതി പറയേണ്ടിവരുമായിരുന്നില്ല.

സർ, പബ്ലിക്ക് വർക്സിനായി ഒരു വലിയ തുക നീക്കിവച്ചിരിക്കുന്നതായി നമ്മുടെ പണ്ഡിതനായ ഫൈനാൻഷ്യൽ സെക്രട്ടറി, അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. എന്നാൽ പബ്ലിക്വർക്സു ഡിപ്പാർട്ടുമെൻറിലേക്കു ഫ്രഷ്–ാമാണ്ടത്തെ പുതിയ ജോലികൾംക്കായി നീക്കിവച്ചിട്ടുള്ള തുക എന്താണെന്നു നോക്കുമ്പോഴാണു് പരമാർത്ഥം മനസ്സിലാകുന്നതു്. ഫ,ൻ,ന്യം തുപാമാത്രമേ അടുത്ത കൊല്ലം പുതിയ ജോലികൾംക്കായി കൊള്ളിച്ചിട്ടുള്ളു. ഈ തുകകൊണ്ടു തിരുവിതാംകൂറിൽ പല താലൂക്കുകളിലായി എന്തെല്ലാം ജോലികൾം ചെയ്യാൻ സാധിക്കുമെന്നു ഞാൻ ചോദിക്കുന്നു. എന്തിനാണു് ഗവണ്മെൻറു് ഇപ്രകാരം ആളുകളുടെ ആവശ്യത്തിനു ഒട്ടും തന്നെ പര്യാപ്തമല്ലാത്ത ചെറിയ തുകകൾം നീക്കിവയ്ക്കുന്നതു്? ദാഹരണമായി കൊല്ലംതാലൂക്കിൽ മൂന്നു ജോലികളാണു് അടുത്ത കൊല്ലം ചെയ്യുവാൻ നിശ്ചയിച്ചിരിക്കുന്നതു്. അതിൽ രണ്ടെണ്ണം റീ മെറ്റലിംഗ് ജോലിയാണു്; ഒന്നു് ഒരു പാലത്തിലേക്കുള്ള വഴിയുടെ വീതി വർദ്ധിപ്പിക്കുന്ന ജോലിയുമാണു. ഇവയെല്ലാംതന്നെ പഴയ ജോലികളാണു്. ഒന്നും പുതിയ ജോലിയല്ല. കരുനാഗപ്പള്ളി താലൂക്കിലെ കായ്ങ്ങാം ഗവണ്മെൻറു തീരെ വിസ്മരിക്കുന്നതായിട്ടാണു കാണുന്നതു്. അവിടെ റോഡുകൾം വളരെ കുറവാണു്. റോഡുകൾം കുറവുള്ള താലൂ

[Mr. A. N. Visvanatha Pillai.]

ക്കുകളിലാണ് പുതുതായി റോഡുകൾ നിർമ്മിക്കുണതെങ്കിൽ കരുനാഗപ്പള്ളിയെ വിസ്മരിക്കുവാൻ ഗവണ്മെന്റിനു സാധിക്കുന്നതല്ല.

കൊല്ലത്തും കരുനാഗപ്പള്ളിയിലും റോഡുകൾ പണിയേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ജനങ്ങൾ പ്രജാസഭ തുടങ്ങിയ കാലം മുതൽതന്നെ മുറവിളിക്കൂട്ടിത്തുടങ്ങിയതാണ്. ഇതിനെന്നിന്നും ഇതുവരെ ഒരു പ്രതിവിധിയും ഉണ്ടാക്കാതെ ഗവണ്മെൻറ് മൗനം ഭീക്ഷിക്കുന്നു. തീരെ തുച്ഛമായ ഒരു തുക പഴയ ജോലികൾ പുതുക്കുന്നതിനായിമാത്രം കൊല്ലത്തേയ്ക്കു നീക്കിവയ്ക്കുകയും കരുനാഗപ്പള്ളിയിലേക്കു അതുപോലും ചെയ്യാതിരിക്കുകയും ചെയ്യുന്നതു തീരെ അതൃപ്തികരമാണ്. ഈ രണ്ടു താലൂക്കുകളിലും പണി പൂർത്തിയാകാത്ത അനേകം റോഡുകളുണ്ട്.

ഇറിഗേഷനെപ്പറ്റിയും എനിക്കു രണ്ടു വാക്കു പറയേണ്ടതായിട്ടുണ്ട്. കരം പിരിച്ചെടുക്കുന്നതിൽ യാതൊരു ഉദാസീനതയും കാണിക്കാത്ത ഗവണ്മെൻറ് കല്ലടയാറ്റു പൊട്ടി ആണ്ടോടാണ്ടു വളരെ കൃഷിനാശം സംഭവിക്കുന്നു എന്നും വേണ്ടതു ചെയ്യുതരണമെന്നും ജനങ്ങൾ പലതവണ ഹർജികളും മെമ്മോറിയലുകളും കൊടുത്തിട്ടും ഇതുവരെയാതൊരു നടപടിയും നടത്തിയിട്ടില്ല. നിശ്ചിതമായ ഒരു നയം ഇല്ലാതെ കണ്ടമാനം ചെറിയ ചെറിയ തുകകൾ നാട്ടിന്റെ പല ഭാഗങ്ങളിലായി ഉപയോഗശൂന്യമായി ചെലവാക്കുന്നതിനെ ഞാൻ ഒന്നുകൂടി ശക്തിയായി പ്രതിഷേധിച്ചുകൊള്ളുന്നു.

Mr. Sayed M. Bava (*Nominated*): സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ ഞാനും പിന്താങ്ങിക്കൊള്ളുന്നു. അത്യാവശ്യമായ ചില സംഗതികൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നുള്ളതാണ് എന്റെ ഉദ്ദേശം. കൊല്ലംപട്ടണം തിരുവിതാംകൂറിന്റെ പ്രധാനപ്പെട്ട ഒരു പട്ടണമാണ്. തിരുവിതാംകൂറിന്റെ ഒന്നാമത്തേതു് എന്നു പറയാൻ പാടില്ലെങ്കിലും ഈ സംസ്ഥാനത്തെ രണ്ടാമത്തെ പ്രധാനപ്പെട്ട പട്ടണം കൊല്ലമാണ്. ഇത്ര പ്രാധാന്യമുള്ള ആ പട്ടണത്തിൽ ബസാറിന്റെ മദ്ധ്യത്തിൽ കിടക്കുന്ന റോഡിൽകൂടി എത്ര ആളുകളാണു ദിവസംപ്രതി സഞ്ചരിക്കുന്നതു്. സാമാനങ്ങൾ കയറ്റുമതിയും ഇറക്കുമതിയുംചെയ്യുന്ന തുറമുഖത്തേക്കു ബസാറിൽനിന്നും രണ്ടു മൂന്നു ഫർലാംഗു ദൂരത്തിൽ ഒരു ചെറിയ റോഡുണ്ട്. ആ റോഡ് എത്ര ആയിരം ജനങ്ങളാണു ദിവസേന ഉപയോഗിക്കുന്നതെന്നു ഞാൻ പറയാതെതന്നെ നിങ്ങൾക്കു് ഊഹിക്കാവുന്നതാണ്. തോട്ടിന്റെ വക്കത്തുകൂടിയാണ് ആ റോഡു വെട്ടിയിരിക്കുന്നതു്. അവിടെ

LIBRARY ARCHIVES Kerala Legislative Assembly

ഒരു റിട്ടയിനിംഗ് വാൾ ഇല്ലാത്ത കാരണത്താൽ അതിലേ ഗതാഗതം ചെയ്യുന്ന ജനങ്ങൾക്കുണ്ടായിട്ടുള്ള സങ്കടങ്ങളെപ്പറ്റി അനേകം പ്രാവശ്യം ഗവണ്മെൻറിനെ ധരിപ്പിക്കുകയും അതിൻെറ അത്യാവശ്യകത, വേണ്ടവണ്ണം ഗവണ്മെൻറിനു മനസ്സിലാകുകയും ചെയ്തിട്ടുണ്ട്. അതിൻെറ ഫലമായി, ഈ വാൾ ഉണ്ടാക്കുന്നതിന് ഒരു എസ്റ്റിമേറും കൂടി എക്സിക്യൂട്ടിവ് എൻജിനീയർ തയ്യാറാക്കി അയച്ചു എന്നാണ് എൻെറ അറിവ്. അങ്ങനെ ചെയ്തിട്ടു വളരെ നാളായി; എങ്കിലും, മേൽനടപടികൾ യാതൊന്നും ഇതുവരെ ചെയ്യുകണ്ടില്ല.

Mr. A. N. Visvanatha Pillai: റോഡിൽനിന്നും തോട്ടിലേക്ക് എത്ര താഴ്ചവരും?

Mr. Sayed M. Bava: ഏകദേശം ഇരുപതടി വരുമെന്നാണ് എനിക്കു തോന്നുന്നത്.

അനവധി വണ്ടികളും ആളുകളും ആ റോഡിൽക്കൂടി വന്നുംപോയും ഇരിക്കുന്നു. അനവധി അപകടങ്ങൾ അതുകൊണ്ടുണ്ടായിട്ടുണ്ട്. അനവധി വണ്ടികൾ ഈ തോട്ടിൽ മറിഞ്ഞുവീഴുകയും വളരെ കഷ്ടനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്തിട്ടുണ്ട്. കൊച്ചുപ്പാംമൂട്, എല്ലാവക്കും പരിചയമുള്ള ഒരു സ്ഥലമാണെന്നു ഞാൻ വിശ്വസിക്കുന്നു. കൊല്ലം വലിയപാലത്തിൽനിന്നും കൊച്ചുപ്പാംമൂട്ടിലേക്കു പോകുന്നതു ഞാൻ മുൻപു സൂചിപ്പിച്ച റോഡിൽ കൂടിയാണ്. ഇതിനു കഷ്ടിച്ചു ഒരു നാലുഫർലാംഗ് ദൂരംതന്നെ വരുകയില്ല. ഈ പ്രാധാന്യമുള്ള സ്ഥലത്തു് ഒരു റിട്ടയിനിംഗ്വാൾ ഉണ്ടാക്കാതെയും ആ റോഡിൻെറ സ്ഥിതി സുരക്ഷിതമാക്കാതെയും ഇരിക്കുന്നതു് വലിയ സങ്കടകരമായ ഒരു കാര്യമാകുന്നു. തുറമുഖത്തു ധാരാളം ഏറുമതിയും ഇറക്കുമതിയും നടക്കുന്നുണ്ട്. ധാരാളം കാളവണ്ടികളും മറുവാഹനങ്ങളും ആ റോഡിൽക്കൂടി കൊണ്ടുപോകേണ്ട അത്യാവശ്യമുണ്ടെങ്കിലും പലരും ആപത്തിനെ ഭയന്നു അതിലെ പോകുന്നതിനു വളരെ വൈമനസ്യം പ്രകടിപ്പിച്ചുവരുന്നു.

Mr. M. Govindan : അങ്ങനെ ഏതെങ്കിലും ആപത്തുകൾ സംഭവിച്ചിട്ടുണ്ടോ?

Mr. Sayed M. Bava : വണ്ടി തോട്ടിലേയ്ക്കു മറിഞ്ഞുവീണ് അപകടമുണ്ടായിട്ടുണ്ടെന്നു ഞാൻ മുമ്പു പ്രസ്താവിച്ചല്ലോ.

സർ, കൊല്ലം താലൂക്കിൽ ആകെ എട്ടു പ്രധാന പകുതികളാണുള്ളതു്. ഇതിൽ ഏറ്റവും പ്രധാനങ്ങളായ തുക്കടവൂർ, പെരിനാട്ട, എന്നീ പകുതികൾ ചേർന്ന സ്ഥലമാണ് പെരിനാട്ട എന്നറിയുന്നതു്. ആ സ്ഥലത്തു അധിവസിക്കുന്ന ജനങ്ങളുടെ എണ്ണം മൂപ്പതിനായിര

LIBRARY ARCHIVES Kerala Legislative Assembly

[Mr. Sayed M. Bava.]

ത്തിലധികം വരും. ഇതുയും ആളുകളുടെ സൌകര്യത്തിനു ഒരു റോഡു പോലും അവിടെ ഇല്ല തേവള്ളിക്കൊട്ടാരത്തിനടുത്തുള്ള കടവിൽനിന്നും ഇളമ്പള്ളൂർ സത്രംവരെ ഒരു റോഡ് വെട്ടിയിട്ടുണ്ട്. ഇതിനു ഏകദേശം ഏഴരമൈൽ നീളംവരും. ജനങ്ങൾതന്നെ ഇതിലേക്കാവശ്യമുള്ള സ്ഥലം ഗവണ്മെൻറിലേക്കു വിട്ടുകൊടുത്തു. അതു കഴിഞ്ഞിട്ട് ഏകദേശം പത്തുകൊല്ലത്തോളമായി. എങ്കിലും അതു ഡിപ്പാർട്ടുമെൻറിൽനിന്നും ഏറെറടുത്തു സഞ്ചാരസൌകര്യം ഉള്ള ഒരു റോഡാക്കിത്തീർക്കുന്നതിന് ഗവണ്മെൻറിനു ഇതുവരെ മനസ്സുവരാത്തതു് വളരെ പരിതാപകരമായിരിക്കുന്നു. കൊല്ലം പട്ടണത്തോടു് ഏറെറവും അടുത്ത ഒരു സ്ഥലത്തെപ്പറ്റിയാണു് ഞാൻ രണ്ടാമതു പറഞ്ഞതു്. ഇതു പ്രാധാന്യമുള്ള സ്ഥലത്തും ഒരു റോഡില്ല. ആളുകൾക്ക് അവരവരുടെ ദിനംപ്രതിയുള്ള ആവശ്യങ്ങൾക്കായി ബസാറിലും പബ്ലിക്കാഫീസുകളിലും വിദ്യാലയങ്ങളിലും പോകാതിരിക്കാൻ നിവൃത്തിയില്ല. ഈ റോഡിനിടക്കു് ഒരു ചെറിയ കായലുണ്ടു്. അതിനു കഷ്ടിച്ചു രണ്ടു ഫർലാംഗിലധികം വിസ്താരം കാണുകയില്ല. അവിടെ ഒരു പാലം കെട്ടിത്തരണമെന്നു പ്രജാസഭ ഉണ്ടായകാലംമുതൽ പരാതിപ്പെട്ടുകൊണ്ടിരിക്കുന്നുണ്ടു്. ഈ രണ്ടുസംഗതികളും കൊല്ലത്തെ സംബന്ധിച്ചിടത്തോളം ഏറെറവും പ്രാധാന്യമുള്ളവയാകുന്നു. ഇതിൻറെ പണികൾ ഉടനടിതന്നെ തുടങ്ങുന്നതിലേക്കു ചീഫ് എൻജിനീയർ അവർകളുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

Mr. V. S. Arumukham Pillai: Sir, during the general discussion of the budget, I drew the pointed attention of the Government that Travancore being an agricultural country, the only way of improving our finances lies in improving our agricultural resources and reducing our expenditure. Improving agricultural resources means increasing irrigation facilities and that can be done only by the P. W. Department. What I mean is that the P. W. Department is alone responsible for the improvement of irrigation facilities. Last year, when the P. W. budget came up for discussion, I pointed out to the Government the extreme necessity of supplementing the Kodayar Project and the learned Chief Engineer did not care to reply. There was a scheme in contemplation called the Chittar Scheme and a sum was allotted for investigating the same. What became of it nobody knows. I have also pointed out last year how urgent it was to repair the existing tanks and to clear the silts. Even the existing tanks and channels are not kept in

LIBRARY ARCHIVES Kerala Legislative Assembly

proper condition. This year too, Government do not seem to have made any provision for that. I hope the Chief Engineer who is really sympathetic to the poor ryots and who has shown his sympathy on a former occasion by visiting those places during the period of drought will undertake to improve the existing irrigation facilities there and do the needful.

I take this opportunity to point out that if the Chittar Scheme contemplated by the Government has fallen through, I suggest that another scheme which has been agitated by the people for a very long time namely the Poikai Scheme may be worked out. Honourable members and friends may accuse me of too much of local patriotism but schemes as these have got an all-Travancore importance because, as we know, so far as paddy is concerned, our State is not self-sufficient and we have to import a large quantity of paddy from outside and if schemes such as these are worked out and irrigation facilities are provided, I am sure, in course of time, Travancore will become self-sufficient so far as paddy is concerned. Therefore, I beg to point out that with regard to irrigation facilities more funds may be allotted and the Chief Engineer may be asked to study and work out schemes for improving irrigation facilities. With these words, I support the motion before the House.

Mr. G. B. E. Truscott : Mr. Arumukam Pillai said that he pointed out the Chittar Scheme last year, but the Chief Engineer did not reply at that time. I presume that the reason why the Chief Engineer did not reply was he had no time to answer. As a matter of fact the Chittar Scheme was investigated and it proved to be far too expensive considering the amount of water that would be diverted to the Kodayar Lake. But if Mr. Arumukam Pillai has any other scheme I should like him to tell me of it.

There are a lot of points raised by the several honourable members and I will refer to them one by one as far as time permits.

One point that has been referred to several times is about contract. Mr. Piraviperumal Pillai and one or two other members said that they did not know what happened to tenders. As a matter of fact tenders submitted to me are all opened by me in my office and any one that likes to come and see those tenders opened can do so. After the tenders are opened they have to be tabulated and it takes some time to do this because there are a lot of rates to be checked, and corrections to be made, and after that they are brought to me and the question is decided if it is within my powers to do so. With regard to the Council Chamber the tenders have been opened and tabulated and the papers are with the Government, and I believe Government will shortly decide the question of the contractor.

LIBRARY ARCHIVES Kerala Legislative Assembly

[Mr. G. B. E. Truscott.]

Whether the tenderer is a Tamilian or any body else does not concern me. I have absolutely no interest to what community a tenderer belongs. The only interest I have is how he can do the work and whether he can do the best work at a reasonable rate. Mr. Govindan's suggestion was to auction the contract. In small cases in workshops they do auction bits of work. It would not be feasible or advisable to auction building contracts. Mr. Kattakayam says I am only an electrical engineer. I believe, in this or the lower House, the same thing was said some time ago and my reply was that because I built a hydro-electric scheme in the past that is no reason to assume that I am an electrical engineer. Mr. Kattakayam also stated that I do not travel enough. I travel as much as possible consistent with my duties. My travelling this year comes to 113 days and that is more than I travelled last year; and I inspected all works going on as far as time would permit.

Mr. Kattakayam also referred to the question about contracts being given to outsiders and Mr. Narayana Aiyar also said something on the same subject. Very few contracts are given to outsiders. We prefer local men as far as possible. Mr. Narayana Aiyar referred to a bridge costing Rs. fifty thousand which was given to an outsider on contract. One half of the work was given to one man because he was a specialist and the other half was given to a local man, I mean, a Travancorean. The bridge has to be built quickly because otherwise it will cause impediment to the traffic. Mr. Narayana Aiyar referred to the Ayakad bridge. The contract for that bridge was given in February last and the contract time is now over and the bridge not yet started. I do not know what exactly the Division Officer is going to do, whether the contract is to be cancelled and given to some other person. Certainly the bridge is not built as the honourable member said. When I was at the site about a weak ago only three reinforced concrete piles had been moulded. Mr. K. P. Nilakanta Pillai says we should reduce the staff because the Water Works and Drainage Departments have been separated. I would inform Mr. Nilakanta Pillai that there was a separate staff for Water Works and Drainage in the P. W. D. and that staff was transferred to the Water Works and Drainage Engineer. There is no diminution of work in the Public Works Department on account of the separation of the Water Works and Drainage Departments from the Public Works Department proper. It was also suggested that we have only a small allotment under P. W. D. and therefore the staff may be cut down. I may say that besides the works respecting this amount there are capital works also to be carried out and that really there is no diminution of work. In fact it is likely to be more. Mr. Marikar referred to the Public Works Department stopping lorries and checking them,

LIBRARY ARCHIVES Kerala Legislative Assembly

The Public Works Department has no business to do anything of the sort. If that is done, it must be due to some private arrangement with the Police. Mr. Marikar will be the first to admit that lorries are generally over-loaded and by this evade paying the proper toll and they also do considerable damage to the road. The Police Department, I believe, do stop the lorries and check them. As regards bribery I ask Mr. Marikar to bring chapter and verse, the names of the subordinates who are so charged, so that I can prosecute them before a court of law. He has not given any details except general insinuations against P. W. D. officers. When in the past I inquired into insinuations of this sort, I found them baseless.

Mr. H. O. L. Marikar: The Police Commissioner has records.

Mr. G. B. E. Truscott: I ask Mr. Marikar to give a definite statement and definite proof so that the matter may be taken before a court of law. I want him to prove that so and so paid to so and so, so many rupees on such and such a date. Just furnish that. If that statement is furnished and witnesses are forthcoming I shall be very glad to take suitable action.

Mr. Parameswaran Pillai spoke of officers themselves being contractors. I should like to have the same sort of information that I have just asked for from Mr. Marikar.

Mr. K. P. Nilakanta Pillai: What is the purpose served by taking that information to the Head of the Department if we are asked to prosecute the offenders criminally or civilly?

Mr. G. B. E. Truscott: If the department is expected to take action against any offender it must be in a position to cite the person who furnishes the information as a witness in a court of law. I may assure the House that the department will see that if an officer is really guilty he will be punished.

Sir, the construction of the Thottapally bridge is under consideration. A combined irrigation and traffic bridge has to be constructed and we are waiting for the specialist's report regarding irrigation before carrying on anything further regarding the bridge at the Thottappally lock. The present arrangement is not so bad as the honourable member stated. I cross the ferry fairly often and I have not been very much troubled.

Mr. E. P. Varghese: What about the unfinished works for which funds are not allotted?

Mr. G. B. E. Truscott: I shall come to it. With regard to unfinished works the policy I try to adopt is to take up those works first as far as funds permit. If you look into the budget, I think, you will agree with me that unfinished works are given

LIBRARY ARCHIVES Kerala Legislative Assembly

[Mr. G. B. E. Truscott.]

preference to new works and it has been my endeavour and Government also agree with me that unfinished works should be first attended to as far as possible unless some very urgent works have to be carried out.

The motion that a sum of Rs. 39,11,076 under Demand I—Public Works Department be granted was put to the vote of the House and carried.

The grant was made.

DEMAND II—ELECTRICITY AND TELEPHONE.

Mr. K. P. Padmanabha Menon: Sir, I move for a grant of Rs. 36,24,149 under Demand II—Electricity and Telephone.

Mr. J. John Kattakayam: സർ, ഈ ഡിപ്പാർട്ടുമെൻറിലെ ചില പ്രത്യേകവൈകല്യങ്ങളെപ്പറ്റി പറയുന്നതിനാണ ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നത്. പള്ളിവാസലിൽ സ്ഥാപിച്ചിരിക്കുന്ന പൗവ്വർഹൗസ് കെട്ടിടത്തെ സംബന്ധിച്ചിടത്തോളം ശരിയായ വിവരങ്ങളം നിങ്ങളിൽ ചിലർ അറിഞ്ഞിരിക്കുമോ എന്ന സംശയമാണ്. ഇങ്ങനെ അസൌകര്യമുള്ള ഒരു സ്ഥലത്തു് ഇത്ര ബലമുള്ള ഒരു കെട്ടിടം കെട്ടാമെന്നുള്ള വ്യാമോഹം എലക്ട്രിക്കു് ഡിപ്പാർട്ടുമെൻറിനുണ്ടായതിൽ ഞാൻ അത്ഭുതപ്പെടുന്നു. ഒരു കെട്ടിടം കെട്ടുന്നതിനു എവിടെ സൌകര്യപ്പെടുമെന്നു കണ്ടുപിടിക്കുന്നതിനു് ബി. എ. പാസ്സാകുകയൊ, ശീമയിൽപോയി ഉന്നതബിരുദങ്ങളം സമ്പാദിയ്ക്കുയൊ ഒന്നും വേണ്ട. പത്രറിപ്പോർട്ടറന്മാക്കു് അവിടെ പോകാനുള്ള അസൌകര്യംകൊണ്ടു ഈവക സംഗതികളം ഒന്നും പുറത്തുവന്നില്ലെന്നാണ ഞാൻ വിചാരിക്കുന്നത്. എൻറെ നേരിട്ടുള്ള അറിവിൽനിന്നും അവിടെ ചെന്നു സന്ദർശിച്ചവർ പറഞ്ഞിട്ടുള്ള അറിവിൽനിന്നും എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതു ഏറ്റവും മോശമായ ഒരു സ്ഥലത്താണ് പൗവ്വർഹൗസ് സ്ഥാപിച്ചിട്ടുള്ളതെന്നാണ്. കെട്ടിടം പണിയുന്നതിനും മറ്റുമായി വിദഗ്ദ്ധനായ ഒരാളെ അന്യദേശത്തുനിന്നും വരുത്തിയതു ഇവിടത്തെ എലക്ട്രിക് ഡിപ്പാർട്ടുമെൻറു മേധാവിക്കു ഇതിനെപ്പറ്റി യാതൊരു ജ്ഞാനവുമില്ലാഞ്ഞിട്ടല്ലയോ എന്നു സംശയിക്കുന്നതിനും അവകാശമുണ്ട്.

ഇനി ഇവിടെ വിദ്യുശ്ശക്തി വിതരണംചെയ്യുന്നതിനുള്ള നിരക്കിനെപ്പറ്റിയാണ എനിക്കു പറയാനുള്ളതു്. ഇവിടെ യൂണിറ്റിനു ആറണ വിലവച്ചാണ വിദ്യുശ്ശക്തി വിതരണം ചെയ്യുന്നതു്. മറ്റുള്ള സ്ഥലങ്ങളിലെ നിരക്കു തുലോം കുറഞ്ഞിരിക്കുന്നു. ക്രൂടലൂരിൽ യൂണിറ്റിന്

LIBRARY ARCHIVES Kerala Legislative Assembly